## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4488 — 21/03/2018-ൽ മറുപടിക്ക്

### തൈറോയ്ഡ് രോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് തൈറോയ്ഡ് രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | രോഗികൾക്ക് മാനസികവും ശാരീരികവുമായി ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഈ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സൗകര്യം ഒരുക്കുമോ എന്ന് അറിയിക്കാമോ? | ബി) | തൈറോയിഡ് സംബന്ധമായ രോഗങ്ങൾ നിർണ്ണയിക്കുന്നതിന് രക്തത്തിലെ തൈറോയിഡിന്റെ അളവും തൈറോയിഡ് ഗ്രന്ഥിയിൽ നിന്നുള്ള കോശങ്ങൾ കുത്തിയെടുത്തുള്ള പരിശോധനയും സ്കാനിംഗും ആവശ്യമാണ്. താരതമ്യേന ചെലവേറിയതും സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ളതുമായ ഈ പരിശോധന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജീകരിക്കുന്നത് പ്രായോഗികമല്ലാത്തതാണ്. എല്ലാ പബ്ലിക് ഹെൽത്ത് ലാബോറട്ടറികളിലും ഈ പരിശോധന നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ